**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **04-03-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല വികസന അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമലയിൽ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വികസന അതോറിറ്റി രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുള്ള ശബരിമല, പമ്പ, എരുമേലി, നിലയ്ക്കൽ ക്ഷേത്രങ്ങളുടെയും വസ്തുവകകളുടെയും വികസനത്തിനായി ബഹു. മുഖ്യമന്ത്രി ചെയർമാനും ബഹു. ദേവസ്വം വകുപ്പ് മന്ത്രി വൈസ് ചെയർമാനും ശബരിമലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളുമായി ശബരിമല വികസന അതോറിറ്റി എന്ന പേരിൽ ഒരു പുതിയ സംവിധാനം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | ശബരിമല വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശബരിമല തീർത്ഥാടനത്തിനെത്തിച്ചേരുന്ന തീർത്ഥാടകർക്ക് സംതൃപ്തമായ തീർത്ഥാടന അനുഭവം നൽകുന്നതിനാവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 03/05/2007-ലെ ജി.ഒ.(എം.എസ്) 146/2007/RD നമ്പർ ഉത്തരവ് പ്രകാരം ശബരിമല മാസ്റ്റർ പ്ലാനിന് സർക്കാർ അംഗീകാരം നൽകി. ശബരിമല, പമ്പ, പരമ്പരാഗത പാത, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തികൾ ആരംഭിച്ച 2011-2012 മുതൽ നാളിതുവരെ 148.5 കോടിയോളം രൂപ സർക്കാർ വിവിധ വികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാനിനെ ആധാരമാക്കി തയ്യാറാക്കിയ നിലയ്ക്കൽ ലേ ഔട്ട് പ്ലാനിന് 24.06.2020-ലും ശബരിമല സന്നിധാനം, പമ്പ & ട്രെക്ക് റൂട്ട് എന്നിവയുടെ ലേ ഔട്ട് പ്ലാനിന് 09.01.2025-ലും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി 2025-2030 കാലയളവിൽ 31496 ലക്ഷം രൂപയുടെ പദ്ധതികളാണ് ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആവിഷ്കരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം - I ആയും ശബരിമല മാസ്റ്റർപ്ലാനിന്റെ ഭാഗമായി നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം - II ആയും ചേർക്കുന്നു.<br><br>**<u>ശബരിമല റോപ് വേ പദ്ധതി</u>**<br><br>ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ M/s EIGHTEENTH STEP DAMODAR CABLE CARS PRIVATE LIMITED എന്ന കമ്പനിയ്ക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിൽ നൽകി നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. റോപ് വേ യാഥാർത്ഥ്യമാകുന്നതോടെ നിലവിൽ ട്രാക്ടറുകൾ ഉപയോഗപ്പെടുത്തി നടന്നുവരുന്ന, പമ്പയിൽ നിന്നും സന്നിധാനത്തേക്കും തിരിച്ചുമുള്ള ചരക്ക് നീക്കം പൂർണമായും റോപ് വേ ഉപയോഗപ്പെടുത്തിയാകും നടത്തുക. റോപ് വേ പദ്ധതിക്കായി പമ്പയ്ക്കും സന്നിധാനത്തിനും ഇടയിലുള്ള 4.5336 ഹെക്ടർ വനഭൂമി ഡൈവേർട്ട് ചെയ്യേണ്ടിവരുമെന്നതിനാൽ പ്രസ്തുത വനഭൂമിയ്ക്ക് പകരമായി പരിഹാരവനവത്കരണത്തിന് അനുയോജ്യമായ ഭൂമി ലഭിക്കാതെ പദ്ധതി അനിശ്ചിതത്വത്തിലാകും എന്ന സ്ഥിതി സംജാതമായപ്പോൾ പ്രശ്ന പരിഹാരത്തിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രി മുൻകൈയെടുത്ത് ബഹു. വനം വകുപ്പ് മന്ത്രിയുടെയും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെയും കൂടി സാന്നിദ്ധ്യത്തിൽ സർക്കാർ തലത്തിൽ അഞ്ചോളം യോഗങ്ങൾ ചേരുകയും കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴയിൽ റവന്യൂ, വനം വകുപ്പുകൾക്ക് സ്വീകാര്യമായ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി പരിഹാരവനവത്കരണത്തിനായി അനുവദിച്ചുകൊണ്ട് 16.11.2024-ലെ സ.ഉ.(കൈ)നം.230/2024/റവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവും അനുബന്ധ വിശദാംശങ്ങളും പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. വനം, വന്യജീവി ക്ലിയറൻസ് എന്നിവയ്ക്കായി സംയുക്ത പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (സി) | ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ? | (സി) | ശബരിമല തീർത്ഥാടനത്തിനെത്തിച്ചേരുന്ന തീർത്ഥാടകർക്ക് സംതൃപ്തമായ തീർത്ഥാടന അനുഭവം നൽകുന്നതിനാവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 03/05/2007-ലെ ജി.ഒ.(എം.എസ്) 146/2007/RD നമ്പർ ഉത്തരവ് പ്രകാരം ശബരിമല മാസ്റ്റർ പ്ലാനിന് സർക്കാർ അംഗീകാരം നൽകി. ശബരിമല, പമ്പ, പരമ്പരാഗത പാത, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തികൾ ആരംഭിച്ച 2011-2012 മുതൽ നാളിതുവരെ 148.5 കോടിയോളം രൂപ സർക്കാർ വിവിധ വികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാനിനെ ആധാരമാക്കി തയ്യാറാക്കിയ നിലയ്ക്കൽ ലേ ഔട്ട് പ്ലാനിന് 24.06.2020-ലും ശബരിമല സന്നിധാനം, പമ്പ & ട്രെക്ക് റൂട്ട് എന്നിവയുടെ ലേ ഔട്ട് പ്ലാനിന് 09.01.2025-ലും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി 2025-2030 കാലയളവിൽ 31496 ലക്ഷം രൂപയുടെ പദ്ധതികളാണ് ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആവിഷ്കരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം - I ആയും ശബരിമല മാസ്റ്റർപ്ലാനിന്റെ ഭാഗമായി നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം - II ആയും ചേർക്കുന്നു.<br><br>**<u>ശബരിമല റോപ് വേ പദ്ധതി</u>**<br><br>ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ M/s EIGHTEENTH STEP DAMODAR CABLE CARS PRIVATE LIMITED എന്ന കമ്പനിയ്ക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിൽ നൽകി നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. റോപ് വേ യാഥാർത്ഥ്യമാകുന്നതോടെ നിലവിൽ ട്രാക്ടറുകൾ ഉപയോഗപ്പെടുത്തി നടന്നുവരുന്ന, പമ്പയിൽ നിന്നും സന്നിധാനത്തേക്കും തിരിച്ചുമുള്ള ചരക്ക് നീക്കം പൂർണമായും റോപ് വേ ഉപയോഗപ്പെടുത്തിയാകും നടത്തുക. റോപ് വേ പദ്ധതിക്കായി പമ്പയ്ക്കും സന്നിധാനത്തിനും ഇടയിലുള്ള 4.5336 ഹെക്ടർ വനഭൂമി ഡൈവേർട്ട് ചെയ്യേണ്ടിവരുമെന്നതിനാൽ |

| | | | |
|---|---|---|---|
| | | | പ്രസ്തുത വനഭൂമിയ്ക്ക് പകരമായി പരിഹാരവനവത്കരണത്തിന് അനുയോജ്യമായ ഭൂമി ലഭിക്കാതെ പദ്ധതി അനിശ്ചിതത്വത്തിലാകും എന്ന സ്ഥിതി സംജാതമായപ്പോൾ പ്രശ്ന പരിഹാരത്തിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രി മുൻകൈയെടുത്ത് ബഹു. വനം വകുപ്പ് മന്ത്രിയുടെയും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെയും കൂടി സാന്നിദ്ധ്യത്തിൽ സർക്കാർ തലത്തിൽ അഞ്ചോളം യോഗങ്ങൾ ചേരുകയും കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴയിൽ റവന്യൂ, വനം വകുപ്പുകൾക്ക് സ്വീകാര്യമായ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി പരിഹാരവനവത്കരണത്തിനായി അനുവദിച്ചുകൊണ്ട് 16.11.2024-ലെ സ.ഉ.(കൈ)നം.230/2024/റവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവും അനുബന്ധ വിശദാംശങ്ങളും പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. വനം, വന്യജീവി ക്ലിയറൻസ് എന്നിവയ്ക്കായി സംയുക്ത പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

**<u>ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി 2025-2030 കാലയളവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ.</u>**

**1. പമ്പ ഗണപതിക്ഷേത്രം മുതൽ പമ്പ ഹിൽടോപ്പ് വരെ പമ്പാ നദിക്ക് കുറുകെ നിർമ്മിക്കുന്ന സുരക്ഷാപാലം.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 3190 ലക്ഷം രൂപ)

**2. നിലയ്ക്കൽ ഇടത്താവളത്തിലെ കോർ ഏരിയയുടെ വികസനം.** (2840 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്)

**3. കുന്നാറിൽ നിന്നും ശബരിമല സന്നിധാനത്തേക്കുള്ള കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ.** (994 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്)

**4. നിലയ്ക്കൽ ഇടത്താവളത്തിലെ റോഡുകളുടെയും അനുബന്ധ പാലങ്ങളുടെയും നിർമ്മാണം.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 14500 ലക്ഷം രൂപ)

**5. ശബരിമല സന്നിധാനത്തെ തീർത്ഥാടന സൗകര്യ കേന്ദ്രം, തന്ത്രിമഠം, പ്രസാദ നിർമ്മാണ-വിതരണ സമുച്ചയം എന്നിവയുടെ നിർമ്മാണം.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 9600 ലക്ഷം രൂപ)

**6. ശബരിമല സന്നിധാനത്ത് അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തി.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 372 ലക്ഷം രൂപ))

കൂടാതെ ശബരിമല സന്നിധാനത്തെ തീർത്ഥാടക നിർഗമന പാലം, നിലയ്ക്കൽ ഇടത്താവളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും എന്നിവയ്ക്കായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

**അനുബന്ധം – II**

**<u>ശബരിമല മാസ്റ്റർപ്ലാനിന്റെ ഭാഗമായി നിലവിൽ നടന്നുവരുന്ന പദ്ധതികൾ</u>**

1. **നിലയ്ക്കലിൽ പോലീസ്, കെ.എസ്.ആർ.ടി.സി. എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് തീർത്ഥാടന കാലത്ത് താമസിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി** – അടങ്കൽ തുക 12.15 കോടി രൂപ.

2. **ശബരിമലയിലെ പ്രധാന ടോയ്‌ലറ്റ് ബ്ലോക്കിന് സമീപത്തായി സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പദ്ധതി** – അടങ്കൽ തുക 35 ലക്ഷം രൂപ.

**അനുബന്ധം – I**

**<u>ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി 2025-2030 കാലയളവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ.</u>**

**1. പമ്പ ഗണപതിക്ഷേത്രം മുതൽ പമ്പ ഹിൽടോപ്പ് വരെ പമ്പാ നദിക്ക് കുറുകെ നിർമ്മിക്കുന്ന സുരക്ഷാപാലം.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 3190 ലക്ഷം രൂപ)

**2. നിലയ്ക്കൽ ഇടത്താവളത്തിലെ കോർ ഏരിയയുടെ വികസനം.** (2840 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്)

**3. കുന്നാറിൽ നിന്നും ശബരിമല സന്നിധാനത്തേക്കുള്ള കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ.** (994 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്)

**4. നിലയ്ക്കൽ ഇടത്താവളത്തിലെ റോഡുകളുടെയും അനുബന്ധ പാലങ്ങളുടെയും നിർമ്മാണം.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 14500 ലക്ഷം രൂപ)

**5. ശബരിമല സന്നിധാനത്തെ തീർത്ഥാടന സൗകര്യ കേന്ദ്രം, തന്ത്രിമഠം, പ്രസാദ നിർമ്മാണ-വിതരണ സമുച്ചയം എന്നിവയുടെ നിർമ്മാണം.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 9600 ലക്ഷം രൂപ)

**6. ശബരിമല സന്നിധാനത്ത് അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തി.** (വിശദമായ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 372 ലക്ഷം രൂപ))

കൂടാതെ ശബരിമല സന്നിധാനത്തെ തീർത്ഥാടക നിർഗമന പാലം, നിലയ്ക്കൽ ഇടത്താവളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും എന്നിവയ്ക്കായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

**അനുബന്ധം – II**

**<u>ശബരിമല മാസ്റ്റർപ്ലാനിന്റെ ഭാഗമായി നിലവിൽ നടന്നുവരുന്ന പദ്ധതികൾ</u>**

1. **നിലയ്ക്കലിൽ പോലീസ്, കെ.എസ്.ആർ.ടി.സി. എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് തീർത്ഥാടന കാലത്ത് താമസിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി** – അടങ്കൽ തുക 12.15 കോടി രൂപ.

2. **ശബരിമലയിലെ പ്രധാന ടോയ്‌ലറ്റ് ബ്ലോക്കിന് സമീപത്തായി സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പദ്ധതി** – അടങ്കൽ തുക 35 ലക്ഷം രൂപ.